"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. ഷമീന കെ.ടി. ഫയൽ ചെയ്ത WP(C) No. 10061/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 14/03/2025 തീയതിയിലെ വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.722/2026/GEDN** തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 2489/2023/ പൊ.വി.വ., തീയതി 18/04/2023.
2. ശ്രീമതി. ഷമീന കെ.ടി., യു.പി.എസ്.ടി. സമർപ്പിച്ച 31/01/2025 തീയതി റിവിഷൻ ഹർജി (എക്സിബിറ്റ് പി6).
3. WP(C) No. 10061/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 14/03/2025 തീയതിയിലെ വിധിന്യായം.
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/08/2025 തീയതിയിലെ DEOMKD/491/2025-B3 നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26/08/2025 തീയതിയിലെ DDEPKD/1737/2025-B5 നമ്പർ കത്ത്.
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഇഎം1/17689/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് മണ്ണാർക്കാട് ദാറുന്നജത്ത് ഹൈസ്കൂൾ നെല്ലിപ്പുഴയിൽ അദ്ധ്യാപികയായി ജോലി ചെയ്ത സമയത്തെ ശമ്പളം ലഭിക്കുന്നതിനു വേണ്ടി ശ്രീമതി. ഷമീന കെ.ടി., യു.പി.എസ്.എ ബഹു. കേരള ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WP (C) No.10061/2025 ലെ പരാമർശം (3) വിധിന്യായത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവ് കൂടി പരിഗണിച്ചുകൊണ്ട് ഹർജിക്കാരിയെ നേരിൽ കേട്ടതിനു ശേഷം പരാമർശം (2) റിവിഷൻ ഹർജിയിന്മേൽ തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. അപ്രകാരം, ഈ വിഷയത്തിന്മേൽ 27/08/2025 തീയതിയിൽ കൂടിക്കാഴ്ച നിശ്ചയിക്കുകയും ഹർജിക്കാരി പങ്കെടുക്കാത്തതിനാൽ 12/09/2025 തീയതിയിൽ ഹർജിക്കാരിയെ പ്രതിനിധീകരിച്ചു കൊണ്ടുള്ള അഡ്വക്കേറ്റ്, മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ എന്നിവരെ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. എക്സിബിറ്റ് പി6 ലെ വിഷയം ഇപ്രകാരമായിരുന്നു :

പാലക്കാട് ജില്ലയിലെ നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂൾ, മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. 01/08/2018 മുതൽ ശ്രീമതി. ഷമീന കെ. ടി. എന്നിവരെ യു.പി.എസ്.ടി. ആയി സ്ഥാനക്കയറ്റ ഒഴിവിൽ നിയമിച്ചു. ടി തസ്തികയിലേക്ക് കെ.ഇ.ആർ 14 എ അദ്ധ്യായം ചട്ടം 43, 51(എ) & 51(ബി) പ്രകാരം അവകാശികൾ ആരും തന്നെ ഉണ്ടായിരുന്നില്ല. ശ്രീമതി. ഷമീന കെ. ടി. യെ നിയമിച്ചിട്ടുള്ളത് അധിക തസ്തികയിലല്ല, മറിച്ച് റഗുലർ തസ്തികയിലാണ്. അധിക തസ്തികകളിൽ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിതാദ്ധ്യാപകരെ മാത്രമെ നിയമിക്കാവൂ എന്നിരിക്കെ ടി തസ്തികകളിൽ നിയമിക്കപ്പെട്ട എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കുള്ള നിമയനാംഗീകാരം നൽകുന്നതിനുവേണ്ടിയാണ് സ.ഉ.(പി) നം.4/2021/പൊ.വി.വ തീയതി 06/02/2021 എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 06/02/2021 ലെ സ.ഉ.(പി)നം.4/2021/പൊ.വി.വ ന്റെ അടിസ്ഥാനത്തിലാണ് നിയമനാംഗീകാരം ലഭിച്ചിട്ടുള്ളത് എന്നിരുന്നാലും 01/08/2018 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ ശമ്പളത്തോടുകൂടിയുമാണ് നിയമനം അംഗീകരിച്ചിട്ടുള്ളത്.

28/02/2019 ലെ സർക്കാർ ഉത്തരവും 08/03/2019 ലെ സർക്കുലറും അനുസരിച്ച് സ്ഥലമാറ്റം/മരണം/സ്ഥാനക്കയറ്റം എന്നിവ മൂലം എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവു മാനേജർക്ക് നികത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. സമാന സാഹചര്യത്തിൽ 06/06/2019 മുതൽ റഗുലർ തസ്തികയിൽ നിയമിതയായ ടീച്ചറുടെ നിയമനം ശമ്പളവും മറ്റു ആനുകൂല്യങ്ങളോടുകൂടി അംഗീകരിച്ചു നൽകുവാൻ സ.ഉ.(സാധാ)നം.1575/2024/പൊ.വി.വ തീയതി 26.02.2024 ഉത്തരവിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/2703/2024-ഇസി5 തീയതി 17/02/2024 ഉത്തരവിൽ റഗുലർ തസ്തികയിൽ നിയമിച്ച അദ്ധ്യാപികയുടെ നിയമനം 06/06/2019 മുതൽ തന്നെ സാമ്പത്തിക ആനുകൂല്യത്തോടു കൂടെ അംഗീകരിച്ചു നൽകുവാനും കൂടാതെ 06/06/2019 മുതൽ എച്ച്.എസ്.റ്റി തസ്തികയിലെ നിയമനം റഗുലർ നിയമനം ആയതിനാൽ നോഷണൽ വ്യവസ്ഥ ഒഴിവാക്കി നിയമനാംഗീകാരം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. ആയതിനാൽ 01/08/2018 മുതൽ റഗുലർ തസ്തികയിൽ നിയമിതയായ ശ്രീമതി. ഷമീന കെ.ടി. എന്നവർക്ക് ശമ്പളത്തോടുകൂടി നിയമനാംഗീകാരം നൽകുവാൻ യാതൊരു തടസ്സവും ഇല്ലാത്തതാണ്.

മേൽ സാഹചര്യങ്ങളും സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് ശ്രീമതി. ഷമീന കെ. ടി. എന്നവരുടെ 01/08/2018 മുതൽ യു.പി.എസ്.റ്റി ആയി റഗുലർ തസ്തികയിലുള്ള നിയമനം 01/08/2018 മുതൽ 05/02/2021 വരെ ശമ്പളത്തോടുകൂടി അനുവദിച്ചു നൽകുവാൻ ഒരു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3. എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഓഫീസർമാരുടെ സമാനമായ വാദം ഇപ്രകാരമായിരുന്നു :

നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയ എച്ച്.എസ്.ടി സോഷ്യൽ സയൻസ് അധിക തസ്തികയിലേക്ക് ടി സ്കൂളിലെ യു.പി.എസ്.ടി അദ്ധ്യാപിക ശ്രീമതി.ആത്തിക കെ. യെ 16/07/2018 മുതൽ

എച്ച്.എസ്.ടി. സോഷ്യൽ സയൻസ് അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതു മൂലം ലഭ്യമായ യു.പി.എസ്.ടി ഒഴിവിൽ ശ്രീമതി. ഷമീന കെ.ടി. യെ 01/08/2018 മുതൽ യു.പി.എസ്.ടി. ആയി മാനേജർ നിയമിച്ചിരുന്നു. ടി വിദ്യാലയം പുതുതായി ആരംഭിച്ച (22/05/1979 ന ശേഷം) വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെടുന്നതാണ്. ആയതിനാൽ പ്രസ്തുത വിദ്യാലയത്തിൽ സർക്കുലർ നമ്പർ ജെ2/57/2019 തീയതി 08/03/2019 പ്രകാരം റിസൽട്ടന്റ് വേക്കൻസിയിൽ ഒഴിവ് സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊണ്ട് നികത്തണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ 29/01/2016 മുതലുള്ള അധിക തസ്തികയിൽ നടത്തുന്ന നിയമനങ്ങൾ മാനേജർ 1:1 അനുപാതം പാലിച്ചിരിക്കണമെന്ന് 29/01/2016-ലെ സർക്കാർ ഉത്തരവ്(പി)നം.29/2016/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകളിലെ നിർദ്ദേശം പാലിക്കാതെയാണ് മാനേജർ ശ്രീമതി. ഷമീന കെ.ടി. ക്ക് നിയമനം നൽകിയിട്ടുള്ളത്.

ശ്രീമതി. ഷമീന കെ.ടി. യുടെ നിയമനം അംഗീകരിച്ചു ലഭിക്കുന്നതിനായി സ.ഉ.(അച്ചടി) 04/2021/പൊ.വി.വ തീയതി 06/02/2021 പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചു കൊള്ളാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഷമീന കെ.ടി. യുടെ യി.പി.എസ്.ടി. നിയമനം 25,200-54,000 ശമ്പള സ്കെയിലിൽ 01/08/2018 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക അനുകൂല്യങ്ങളോടെയും പ്രൊബേഷണറിയായി അംഗീകരിച്ചു നൽകിയിട്ടുണ്ട്. 01/08/2018 മുതൽ 05/02/2021 വരെ നോഷണലായി അംഗീകരിച്ച കാലയളവിലെ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് നിയമനം അംഗീകരിച്ചു ലഭിക്കണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം. ഹർജിക്കാരിയെ നിയമിക്കുന്ന 01/08/2018-ന ടി സ്കൂളിൽ സംരക്ഷിതാദ്ധ്യാപകനെ മാനേജർ നിയമിച്ചിരുന്നില്ല. കൂടാതെ സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചു കൊള്ളാമെന്ന ബോണ്ട് 29/03/2019 നാണ് മാനേജർ സമർപ്പിച്ചിട്ടുള്ളത്. 2016 മുതൽ 2019 വരെയുള്ള അധിക തസ്തികകളിലെ നിയമനം അംഗീകരിച്ചു നൽകുന്നതിനു മാത്രമാണ് കെ.ഇ.ആർ വ്യവസ്ഥകൾക്ക് താൽക്കാലിക ഇളവ് നൽകി സർക്കാർ ഉത്തരവ് 04/2021 തീയതി 06/02/2021 പുറപ്പെടുവിച്ചിരിക്കുന്നത്. ഇവിടെ 2018-19 വർഷത്തെ അധിക തസ്തികയിലേക്ക് റൂൾ 43 അവകാശിയായ അദ്ധ്യാപിക ശ്രീമതി. ആത്തിക കെ - യ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചതു മൂലം സംജാതമായ യു.പി.എസ്.ടി ഒഴിവ് സർക്കുലർ നം.ജെ2/57/2019/പൊ.വി.വ പ്രകാരം റിസൽട്ടന്റ് തസ്തികയായി കണക്കാക്കി സംരക്ഷിതാദ്ധ്യാപകരെ കൊണ്ടാണ് നികത്തേണ്ടത്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശം പാലിക്കാതെയാണ് മാനേജർ ശ്രീമതി. ഷമീന കെ.ടി. യ്ക്ക് നിയമനം നൽകിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. അധിക തസ്തികയിലെ നിയമനങ്ങൾ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ 2016-17 മുതൽ 2019-20 വരെ നടത്തിയ നിയമനങ്ങൾ അംഗീകരിച്ചു നൽകുന്നതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (അച്ചടി) 04/2021/പൊ.വി.വ തീയതി 06/02/21 പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം 01/08/2018 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും അംഗീകരിച്ചു നൽകുന്നതിനെ നിർദ്ദേശമുള്ളൂ.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരുടെ വാദങ്ങൾ, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ

അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

28/02/2019-ലെ G.O(P) No 3/2019/G.Edn ഖണ്ഡിക 3(a) പ്രകാരം 'Subject to rules 43, 51A and 51B of Chapter XIV A , in the schools opened or upgraded during the period from 22/5/79 to 28/1/16, except in the pre-upgraded section, in addition to the additional posts or vacancies earmarked for appointing protected hands in terms of subrule(1), (2) and (4), one among the existing or arising regular vacancies of teachers or non teaching staff shall also be filled up by the Manager by appointing a protected hand from the Teachers bank with the permission of the DDE concerned " എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ 08/03/2019-ലെ സർക്കുലർ നമ്പർ J2/57/19/G.Edn ഖണ്ഡിക II(2) പ്രകാരം "22/5/79-നു ശേഷം ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളിൽ ഉണ്ടായ ഒഴിവു ചട്ടം 43 അവകാശിയുടെ പ്രൊമോഷൻ വഴി നികത്തുമ്പോൾ ചട്ടം 7(3)(a) പ്രകാരം ഒരു സംരക്ഷിത അധ്യാപകനെ ടി സ്കൂളിൽ നിയമിക്കുവാൻ കഴിയുന്നില്ലെങ്കിൽ അതെ മാനേജ്മെന്റിൽ ഉണ്ടാകുന്ന റിസൽട്ടന്റ് ഒഴിവിൽ (22/05/79-നു മുമ്പോ ശേഷമോ ആരംഭിച്ച സ്കൂളായാലും) സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതാണ്" എന്നും നിഷ്കർഷിച്ചിരിക്കുന്നു. 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയ എച്ച്.എസ്.ടി സോഷ്യൽ സയൻസ് അധിക തസ്തികയിലേക്കാണ് റൂൾ 43 അവകാശിയായ അദ്ധ്യാപിക ശ്രീമതി. ആത്തിക കെ.ക്ക് 16/07/2018 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചത് എന്നതിനാൽ അധിക തസ്തിക നിയമനങ്ങൾക്ക് പാലിക്കേണ്ട വ്യവസ്ഥകൾ ശ്രീമതി ഷമീനയുടെ നിയമനത്തിലും ബാധകമാണ്. മണ്ണാർക്കാട് ഡി.എച്ച്.എസ് നെല്ലിപ്പുഴയിൽ 01.08.2018 മുതൽ ശ്രീമതി ഷമീന കെ റ്റി എന്നവരെ യു.പി.എസ്.റ്റി ആയി സ്ഥാനക്കയറ്റ ഒഴിവിൽ നിയമിക്കുമ്പോൾ മാനേജർ മേൽ ഉത്തരവിലെയും സർക്കുലറിലെയും വ്യവസ്ഥകൾ പാലിച്ചിരുന്നില്ല .കാലിക്കറ്റ് GVHSS-ലെ HST ആയ ശ്രീമതി ഹഫ്സീന റഹ്മത്തിന്റെ നിയമനം നിലവിലെ KER വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുവാൻ നിഷ്കർഷിച്ചിട്ടുള്ള ഒഴിവിൽ അല്ലാതിരുന്നതിനാലാണ് പരാമർശം(1) ഉത്തരവ് പ്രകാരം റെഗുലർ വ്യവസ്ഥയിൽ അംഗീകരിച്ച ഉത്തരവായിട്ടുള്ളത്.

5 . മേൽസാഹചര്യത്തിൽ, 06/02/2021-ലെ സ.ഉ.(പി)നം.4/2021/പൊ.വി.വ പ്രകാരമുള്ള മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് ഡി.എച്ച്.എസ് നെല്ലിപ്പുഴയിൽ ശ്രീമതി. ഷമീന കെ.ടി.യുടെ 01/08/2018 മുതലുള്ള നിയമനം 01/08/2018 മുതൽ 05/02/2021 വരെ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും 30/03/2019-ലെ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയ നടപടി ക്രമപ്രകാരമായതിനാൽ, 01/08/2018 മുതലുള്ള ശ്രീമതി. ഷമീനയുടെ നിയമനം ശമ്പളാനുകൂല്യങ്ങളോടെ അംഗീകരിച്ചു നൽകണമെന്ന എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട്, അപ്രകാരം WP(C) No.10061/2025 ലെ 14/03/2025 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട് - 678 532.
മാനേജർ, ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് -678 582.
പ്രധാനാധ്യാപകൻ, ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് -678 582.
ശ്രീമതി ഷമീന കെ.ടി., ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് -678 582.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 24-01-2026 18:07:14
സെക്ഷൻ ഓഫീസർ